# അധ്യായം ഇരുപത്തിയെട്ട്

കാര്യങ്ങൾ കൈവിട്ടുപോകുകയാണെന്നു സോമനു തോന്നിത്തുടങ്ങി. റാഞ്ചിയിലേക്കു വരുമ്പോൾ വലിയ പ്രതീക്ഷകളും ആഗ്രഹങ്ങളും ഉണ്ടായിരുന്നില്ല. ഇവിടെ വന്നപ്പോൾ എങ്ങിനെയെങ്കിലും ജീവിച്ചു പോയാൽ മതിയെന്നായിരുന്നു. പക്ഷെ പലതും തന്നെ ആഗ്രഹങ്ങളുടെയും പ്രതീക്ഷകളുടെയും വഴികളിലേക്കു വിരൽ ചൂണ്ടുകയായിരുന്നു. തന്റെ പാട്ടുകൾ നാടകങ്ങൾ... എല്ലാത്തിനും ഇവിടം വളമാകുമെന്നു കരുതി. അതിലുമുപരി ഓമനയുടെ സാന്നിധ്യം എല്ലാത്തിനും മേലെയായി ആശ്വാസത്തിന്റെയും മനശക്തിയുടെയും കാതലായി മാറി. പക്ഷെ കാര്യങ്ങളൊക്കെയും എത്രപെട്ടെന്നാണ് തിരിഞ്ഞു പോകുന്നത്. ഇന്ന് ഈ നഗരത്തിൽ താൻ വെറുമൊരു ഗൂണ്ടയായി തീർന്നിരിക്കുന്നു. മാന്യമാർ ആരും മനസു തുറന്നു ചിരിക്കുന്നുപോലുമില്ല. അവർ പരിചയം ഭാവിക്കുന്നുണ്ടെങ്കിൽ അത് ഭയത്തിന്റെ ആവരണത്തിൽ നിന്നുകൊണ്ടാണ്. തന്നെ തേടിവരുന്നവരെല്ലാം കൈക്കരുത്തിന്റെ ആവശ്യത്തിനുമാത്രം. എവിടെയാണ് പിഴച്ചു പോകുന്നത്. അറിയില്ല. ജീവതം തന്നെ തെറ്റിലേക്കു തിരിക്കുകയാണോ, താൻ ജീവിതത്തെ തെറ്റിലേക്കു നയിക്കുകയാണോ. ഇന്ന് എല്ലാവരും ഭയപ്പെടുന്ന ഒരുവനായി താൻ മാറിയിരിക്കുന്നു. കഥകളെഴുതാൻ കൊതിച്ചിരുന്ന സോമൻ ഇന്ന് കഥയില്ലാത്തവനായി മാറിയിരിക്കുന്നു.

ജേഷ്ഠനും കുടുംബവും നാട്ടിൽ നിന്നു തിരിച്ചെത്തിയപ്പോൾ കേട്ടതെല്ലാം അനുജന്റെ വീര കഥകളായിരുന്നു. ഒരു മാസം കൊണ്ട് അനുജൻ ഏവരേയും ഭയപ്പെടുത്തുന്നവനായി തീർന്നത് തങ്കച്ചന് വിശ്വസിക്കാനായില്ല. ചേട്ടത്തിയാകട്ടെ ഇനിയെങ്ങിനെ നാട്ടുകാരുടെ മുഖത്തുനോക്കും എന്ന നാണക്കേടിലായിരുന്നു. ഇവനിവിടെ താമസിക്കുന്നിടത്തോളം കാലം ആരും തങ്ങളുടെ ക്വാർട്ടേഴ്സിലേക്കു തിരിഞ്ഞു നോക്കില്ലെന്നു അവർ ആണയിട്ടു പറഞ്ഞു. അനുജന്റെ കാര്യം പറഞ്ഞ് തങ്കച്ചനും ഭാര്യയും ആകുലരായി. എങ്ങിനെ അവനെ ഇറക്കിവിടുമെന്നതായിരുന്നു തങ്കച്ചന്റെ ചിന്ത. അനുജനായിപ്പോയില്ലേ. എന്നാൽ സോമനവിടെ താമസിച്ചാൽ തനിക്കത് ശരിയാകില്ലെന്നു ചേട്ടത്തി ഉറപ്പിച്ചു പറഞ്ഞു. ഇനിയവിടെ താമസിക്കണമെങ്കിൽ സോമനെ അവിടെനിന്നു ഇറക്കിവിടണമെന്നു അവർ തറപ്പിച്ചു പറഞ്ഞു. ജേഷ്ഠനും അതുതന്നെയാണ് ആഗ്രഹമെന്നു സോമനറിയാമായിരുന്നു. അറിഞ്ഞു പ്രവർത്തിക്കണമെന്നു മനസിലാക്കി അവൻ ക്വാർട്ടേഴ്സ് വിട്ടിറങ്ങി. പിന്നെ താമസം മുഴുവനായി ഹോട്ടലിൽ തന്നെയാക്കി. ഹോട്ടലിൽ അവൻ താമസിക്കുന്നതിൽ ചേട്ടന് അലോസരമുണ്ടായിരുന്നില്ല. ഏതെങ്കിലും തെമ്മാടി വന്ന് പ്രശ്നമുണ്ടാക്കിയാൽ ചോദിക്കാൻ സോമനുണ്ടാകുമല്ലോ. അവിടെ ചേട്ടനും ലാഭം കാണുകയായിരുന്നു. ചേടത്തിക്കും അക്കാര്യത്തിൽ സമ്മതമായിരുന്നു.

ഹോട്ടലിലേക്കു താമസം പൂർണമായി മാറ്റിയതിൽപ്പിന്നെ മൂന്നു നാലു പേർ കൂടി

സോമനോട് ഏറ്റുമുട്ടാൻ എത്തി. മിശ്രയുടെയും സുകുമാരൻ പിള്ളയുടെയും നിർദേശ പ്രകാരമായിരുന്നു അത്. അവരേയും തല്ലിയൊതുക്കിയതോടെ സോമൻ എതിരാളികളില്ലാത്തവനായി മാറി എന്നതാണ് സത്യം. ഹോട്ടലിൽ നിന്നു ഭക്ഷണം കിട്ടുമെങ്കിലും പത്തുപൈസയുടെ വരുമാനം ഉണ്ടായിരുന്നില്ല. ഇന്നിപ്പോൾ അങ്ങിനെയല്ല. പരിസരത്തെ പ്രശ്നങ്ങൾ പറഞ്ഞു തീർക്കാനും തല്ലിയൊതുക്കാനും പലരും സമീപിക്കുന്നത് സോമനെയാണ്. എന്തിന് കുട്ടനു പകരം ഇപ്പോൾ സുകുമാര പിള്ള കാര്യങ്ങൾ പലതും നടത്തുന്നത് സോമൻ വഴിയാണ്. അതിനവന് കൃത്യമായ പണവും നൽകും. പണത്തിനും അധികാരത്തിനും അല്ലലില്ലാതെ സോമൻ റാഞ്ചിയിൽ വാണുതുടങ്ങി. നാളെ ഈ നഗരം ഭരിക്കുന്നത് ഈ സോമനാവുമെന്നു പലരും അടക്കം പറഞ്ഞു തുടങ്ങി. അങ്ങിനെ ജീവിതത്തിന്റെ പല ഇരുണ്ട ഏടുകളും കൂടുതലായി സോമൻ കാണാൻ തുടങ്ങി. അനുഭവിക്കാൻ തുടങ്ങി.

ഓമനയുടെ ഓർമകൾ മനസിൽനിന്നു അകന്നുപോയിരുന്നു. അവൾ ഒരിക്കൽ പറഞ്ഞതാണ് ശരി. പ്രണയം ഒരു നിമിഷത്തിന്റെ വികാരമല്ല. അത് ജീവിതങ്ങൾ തിരിച്ചറിഞ്ഞുള്ള സഹനമാണ്. ആ തിരിച്ചറിവില്ലെങ്കിൽ പ്രണയികളുടെ ഒരുമിക്കലിന് അർഥമില്ല. ഒരു നിമിഷത്തേയ്ക്കല്ല, ഒരു മനുഷ്യായുസിലേക്കാണ് ഒരുമിക്കൽ. അവിടെ തിരിച്ചുവരവിന് അർഥമില്ല. അതുകൊണ്ടു തന്നെ അവൾ പറഞ്ഞതു തന്നെ ശരി. കൂടിച്ചേരാൻ യോഗ്യമല്ലാത്തത് കൂടിച്ചേരുന്നതിലും അർഥമില്ലെന്നു സോമനു തോന്നി. അവൾ നന്നായി കഴിയട്ടെ. ഓമനയുടെ ചേട്ടത്തി തന്നെ വന്നു കണ്ടതിൽപ്പിന്നെ അവളുടെ കത്തുകളൊന്നും കിട്ടിയില്ല. താനാകട്ടെ അവളെ അന്വേഷിച്ചു പോയതുമില്ല. അവളുടെ നല്ല ജീവിതത്തിന് വെറുതെയൊരു വഴിമുടക്കിയായി താൻ മാറുന്നതെന്തിന്. ഒരുപാടു പേരുടെ ശാപവും ചീത്തവിളികളും ഒളിഞ്ഞും തെളിഞ്ഞും താൻ കേട്ടിട്ടുണ്ട്. ഓമനയുടെ ജീവിതം നശിപ്പിച്ചുവെന്ന പേരുദോഷം കുടി കിട്ടേണ്ട. അവൾ അവളുടെ വഴി തെരഞ്ഞെടുക്കട്ടെ. തന്നിൽ നിന്നു സ്വതന്ത്രമായ വഴി.

നീ നോക്കൂ... എത്രമാത്രം മാറിയിരിക്കുന്നു നിന്റെ ജീവിതം. ഈ ഇരുണ്ട ശരീരത്തിലും കരുണയുടെയും സ്നേഹത്തിന്റെയും അടയാളമായി തിളങ്ങിയിരുന്ന കണ്ണുകൾ ചുവന്നു തുടങ്ങിയിരിക്കുന്നു. എവിടെവച്ചോ നടന്ന അടിപിടിയുടെ അടയാളമായി മുഖത്ത് നീണ്ടുകരിഞ്ഞ പാട് ക്രൂരതയുടെ പര്യായമായിരിക്കുന്നു. കൈക്കരുത്തിന്റെ അളവ് കൂടിയിരിക്കുന്നു. ഇന്ന് സോമൻ മറ്റൊരാളാണ്. ഒരു കടലാസിൽ രണ്ടു വരികൾ എഴുതിയിട്ട് എത്ര കാലമായി. ഈ വിരലുകൾക്ക് പേന അന്യമായിരിക്കുന്നു. ജീവിതത്തിന്റെ നിറം നഷ്ടപ്പെട്ടവന് പേനയിൽനിന്നു ഉതിരുന്ന അക്ഷരങ്ങൾ അന്യമാകാതിരിക്കുന്നതെങ്ങനെ.... സോമൻ സ്വയം പറഞ്ഞു.

ഇനി തന്റെ വഴി ഇതാണ്. ഒരു കാട്ടുനീതിയുടെ വഴി. നല്ലവനാകണമെന്നാഗ്രഹിച്ച്

ഒടുവിൽ നശിപ്പിന്റെ അടയാളമായി മാറുന്ന അവസ്ഥ. ഇവിടെ ശരിതെറ്റുകൾ ഏതെന്നു തിരിച്ചറിഞ്ഞു പ്രവർത്തിക്കാൻ സമയമില്ല, അത് സാധ്യവുമല്ല. ഇന്നിപ്പോൾ തന്റെ സുഹൃത്തുക്കളെല്ലാം ആരൊക്കെയാണ്. മിശ്രയും സുകുമാരപിള്ളയും മാത്രമല്ല. നഗരത്തിന്റെ പല ഭാഗങ്ങളിൽനിന്നും നഗരത്തിനുപുറത്തുനിന്നും പലരും തന്റെ സൗഹൃദം തേടിവരുന്നു. സോമന്റെ കരുത്തിന് വിലയേറുന്നു. ഹോട്ടൽ ഇന്ന് ഇടത്താവളം മാത്രം. രാത്രികൾ പകലുകളാകുന്ന ജീവിതമാണിപ്പോൾ. മദ്യവും ചരസും രക്തത്തിന് വീര്യമേറ്റുന്നു. അത്തരം രാത്രികളിൽ താമരക്കുളം ഗ്രാമത്തിലെ ചെറു ബാല്യക്കാരൻ മാടനപൊയ്കയിലെ മാടന്റെ തനി സ്വരൂപമാകുന്നു. ഇരുട്ടിൽ ആഴമറിയാ കിണറിൽനിന്നും ഉയർന്നു പൊന്തുന്ന മാടൻ. നിഗ്രഹത്തിനായി ഉണർത്തെഴുന്നേൽക്കുന്നവൻ.

സോമാ....- അപ്പുവിന്റെ വിളി കേട്ടാണ് അവൻ ചിന്തയിൽനിന്നുണർന്നത്. ഹോട്ടലിന്റെ ചായ്പ്പിലെ ബഞ്ചിൽനിന്നു അവൻ എഴുന്നേറ്റു. ഇന്നലെ വെളുപ്പിനാണ് വന്നുകിടന്നത്. കിശോർ ശർമയുടെ പാർട്ടിയായിരുന്നു. നേരം വെളുക്കുവോളം മദ്യത്തിന്റെ ലഹരിയിലായിരുന്നു. കിഴക്കൻ സെക്റ്ററിലുള്ള ശർമയുടെ കെട്ടിടത്തിൽ താമസിച്ചിരുന്നവരെ ഒഴിപ്പിക്കാൻ അയാൾ കുറെ നാളായി ശ്രമിക്കുകയായിരുന്നു. രാഷ്ട്രീയമായും അല്ലാതെയും അയാൾ നടത്തിയ ശ്രമങ്ങളെല്ലാം പാഴായി. അത്യാവശ്യം കൈക്കരുത്തുള്ളവരാണ് അവിടെയുണ്ടായിരുന്നത്. പൊലീസുകാർ പോലും ഇടപെട്ടിട്ടു ഒഴിപ്പിക്കൽ നടന്നില്ല. മിശ്ര വഴിയാണ് കിശോർ ശർമയെ പരിചയപ്പെട്ടത്. നല്ല തുക നൽകാമെന്നു പറഞ്ഞപ്പോൾ മിശ്ര അത് ഏൽക്കുകയായിരുന്നു. പത്തുമുപ്പതു പേരുമായി കെട്ടിടത്തിലേക്കു പാഞ്ഞുകയറി എല്ലാവരേയും തല്ലിയോടിച്ചു. കിശോർ കാലങ്ങളായി ശ്രമിച്ചിരുന്നത് പത്തുമിനിട്ടുകൊണ്ടാണ് സോമനും കൂട്ടുകാരും നടത്തിയത്.

സോമാ.... അപ്പു വീണ്ടും വിളിച്ചു. നല്ല ഉറക്കം നഷ്ടപ്പെട്ട ദേഷ്യത്തോടെ സോമൻ എഴുന്നേറ്റു. പുറത്ത് കുട്ടൻ വന്നു നിൽക്കുന്നു. തന്റെ തല്ലുകൊണ്ട് ഒരിക്കൽ ഓടിയവനാണ് കുട്ടൻ. ഇന്നവൻ തന്റെ ഏറ്റവും വലിയ സ്നേഹിതന്മാരിൽ ഒരാൾ. എന്തോ അത്യാവശ്യമുണ്ട്.

എന്നാതാ സോമാ... എഴുന്നേറ്റില്ലേ... നേരം ഉച്ചയായല്ലോ...- കുട്ടൻ വിളിച്ചു ചോദിച്ചു.

ഓ ഇന്നലെ കെടക്കാൻ ഇത്തിരി വൈകി. ശർമേടെ സത്കാരം ഒണ്ടായിരുന്നു. നീയിന്നലെ എവിടെയായിരുന്നെടാ...

നാട്ടീന്ന പിള്ളച്ചേട്ടൻ ചെല ബന്ധുക്കൾ വന്നിട്ടുണ്ട്. അവരെക്കൂട്ടി ഒന്നു ചുറ്റാൻ പോയി... അതേയ് ഇന്നു വൈകീട്ട് പിള്ളച്ചേട്ടൻ കാണണമെന്നു പറഞ്ഞു. എന്തോ കോള് വന്നിട്ടുണ്ട്... മറക്കല്ലേ... ഞാനിറങ്ങുവാ...

ഹാ... പോകല്ലേടാ... ഒര് ചായ കുടിക്ക്...

ഓ വേണ്ട സോമാ.... ആ നായരെക്കൂടി കാണാനുണ്ട്.... ഞാൻ പോകേണ്....- കുട്ടൻ

നടന്നകന്നു. അപ്പു കൊണ്ടുവന്നുവച്ച കട്ടൻ ചായ സോമൻ മൊത്തിക്കുടിച്ചു. ചൂടൻചായ അന്നനാളത്തിലൂടെ ഇറങ്ങിയപ്പോൾ വല്ലാത്തൊരാശ്വാസം തോന്നി. ഇനിയൊന്നു സുഖമായി കുളിക്കണം. പിന്നെ കുറച്ചുനേരം കൂടി കിടക്കണം. വൈകീട്ട് എന്താണാവോ പിള്ളച്ചേട്ടൻ കാണണമെന്നു പറഞ്ഞിരിക്കുന്നത്. എന്തു കോളായാലും കൃത്യമായ പ്രതിഫലം സോമൻ വാങ്ങും. ഉപകാരമായിട്ട് ഒന്നും ചെയ്തു കൊടുക്കില്ലെന്നു സോമൻ നിശ്ചയിച്ചിട്ടുണ്ട്. അല്ലേൽ വില പോകുന്നത് അറിയത്തില്ല. സോമൻ ദേഹത്ത് എണ്ണ തേച്ചു. തലമുടി നന്നായി വളർന്നിട്ടുണ്ട്. മുഖമാകെ കുറ്റിരോമങ്ങൾ. അതൊക്കെഅങ്ങിനെ തന്നെ നിൽക്കട്ടെ നല്ലൊരു ചട്ടമ്പിക്ക് ഇതൊക്കെ ഭൂഷണമാണ്. കൈക്കരുത്ത് മാത്രമല്ല. കാഴ്ചയിലും തോന്നണം ഇവനൊരു മുഷ്ക്കനാണെന്ന്. സോമൻ കുളിമുറിയിൽ കയറി തലയിലേക്കു വെള്ളമൊഴിച്ചു. തണുപ്പുകാലത്തിന്റെ വരവ് ആ വെള്ളത്തിൽനിന്നു അവനറിഞ്ഞു. അങ്ങിനെ തന്നെ നിൽക്കട്ടെ നല്ലൊരു ചട്ടമ്പിക്ക് ഇതൊക്കെ ഭൂഷണമാണ്. കൈക്കരുത്ത് മാത്രമല്ല. കാഴ്ചയിലും തോന്നണം ഇവനൊരു മുഷ്ക്കനാണെന്ന്. സോമൻ കുളിമുറിയിൽ കയറി തലയിലേക്കു വെള്ളമൊഴിച്ചു. തണുപ്പുകാലത്തിന്റെ വരവ് ആ വെള്ളത്തിൽനിന്നു അവനറിഞ്ഞു.